**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05.03.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1294**

**പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നതിന് ശാശ്വത പരിഹാരം**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിക്ക് സമീപം പാലക്കോട് പുഴയുടെ അഴിമുഖത്ത് മണൽ അടിയുന്നത് കാരണം മണൽക്കൂനയിൽ തട്ടി ബോട്ടുകൾ മറിയുന്നത് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശാശ്വതമായി പരിഹരിക്കുന്നതിന് അവിടെ റിവർ ട്രെയിനിംഗ് വർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച് സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ മാതൃകാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) | ഉണ്ട്. 365 മീറ്ററും 210 മീറ്ററും നീളമുള്ള രണ്ട് പുലിമുട്ടുകൾ അഴിമുഖത്തിന് ഇരുവശത്തുമായി നിർമ്മിക്കുവാൻ CWPRS നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പുതിയങ്ങാടി പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിച്ചുകൊണ്ട് പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും മത്സ്യബന്ധനയാനങ്ങൾക്ക് അപകടരഹിതമായി അഴിമുഖത്തുകൂടി ലാന്റിംഗ് സെന്ററിലേയ്ക്ക് കയറിയിറങ്ങുന്നതിനുമായി 28.60 കോടി രൂപയുടെ പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**